പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 3159

13-03-2017 ൽ മറുപടിക്ക്

## പൊതുകുളങ്ങളിൽ ജല സംഭരണം

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) പൊതുകുളങ്ങളുടെ ആഴം വർദ്ധിപ്പിച്ച് ജല സംഭരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലയിൽ മണ്ണ് സംരക്ഷണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും ഇതിനുവേണ്ടി അനുവദിച്ച ഫണ്ട് എത്ര രൂപയാണെന്നും വ്യക്തമാക്കുമോ ; | എ) | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പൊതുകുളങ്ങളുടെ ആഴം വർദ്ധിപ്പിച്ച് ജലസംഭരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി പാലക്കാട് ജില്ലയിലെ മലമ്പുഴ, കുഴൽമന്ദം, പാലക്കാട്, മണ്ണാർക്കാട്, ചിറ്റൂർ, കൊല്ലംകോട് ബ്ലോക്കുകളിലായി നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 56 കുളങ്ങളുടെ പുനരുദ്ധാരണത്തിനായി 15.315 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 26 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| ബി)പുതിയ പ്രോജക്ടുകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | ബി) | ആർ.ഐ.ഡി.എഫ് പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ